ॐ

# ശ്രീ

# ആതകശ്ശേരി ശിവക്ഷേത്രം

# പുരാവൃത്തവും ചരിത്രവും

‘ഉള്ളിലുള്ള ദിവ്യതയെ അറിയാൻ
ഒരു ക്ഷേത്രമോ, പ്രതീകമോ, വിഗ്രഹമോ
നിങ്ങളെ സഹായിക്കുന്നുവെങ്കിൽ
നിശ്ചയമായും നിങ്ങൾക്കതംഗീകരിക്കാം
വേണമെന്ന് തോന്നിയാൽ
ഇരുന്നൂറ് വിഗ്രഹങ്ങൾ സ്വീകരിക്കുക
നിങ്ങളെ ഈശ്വരന്റെ അടുക്കലേക്ക്
കെണ്ടെത്തിക്കാൻ വേണ്ടത്
ഏതെല്ലാം രൂപങ്ങളും ക്ഷേത്രങ്ങളും
അനുഷ്ഠാനങ്ങളുമാണോ
അവയൊക്കെ സർവ്വഥാ കൈക്കൊള്ളുക.’

സ്വാമി വിവേകാനന്ദൻ

## ഓം നമ:ശിവായ

**ഭക്തജനങ്ങളേ,**

ചിരപുരാതനമായ ഉള്ളിയേരി ശ്രീ ആതകശ്ശേരി ശിവക്ഷേത്രം ഏറെ പ്രാധാന്യം അർഹിക്കുന്നതും ശ്രദ്ധിക്കപ്പെടേണ്ടതുമായ ഒരു ദേവസ്ഥാനമാണ്. ഈ ക്ഷേത്രത്തിലേതുപോലെ സാകാരനിരാകാര നിരാകാര പ്രതിഷ്ഠകൾ ഒന്നിച്ചുള്ള ക്ഷേത്രങ്ങൾ ദക്ഷിണേന്ത്യയിൽ തന്നെ വിരളമാണെന്ന് താന്ത്രികാചാര്യന്മാരും, ചരിത്രഗവേഷകൻമാരും സാക്ഷ്യപ്പെടുത്തുന്നു. കാലപ്പഴക്കം ഇതുവരെ നിർണ്ണയിക്കുപ്പെട്ടിട്ടില്ലാത്ത ഈ ക്ഷേത്രം 1976 ലാണ് ക്ഷേത്രം ഊരാളനായിരുന്ന തൊടുവയിൽ വാസു എന്ന കേശവനമ്പിയിൽ നിന്നും ജനകീയസമിതി ഏറ്റെടുത്തത്. അനുദിനം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ക്ഷേത്രത്തിൽ ഒട്ടേറെ നവീകരണ പ്രവർത്തനങ്ങൾ ഇതിനകം നടന്നുകഴിഞ്ഞു. ചൈതന്യവത്തായ ഈ മഹാക്ഷേത്രക്കിന്റെ ഇന്നുകാണുന്ന സർവ്വോതമുഖമായ വികസനത്തിനു കാരണം ഇന്നാട്ടിലെ നല്ലവരായ ഈശ്വരവിശ്വാസികളുടെ നിർലോഭമായ സഹായസഹകരണങ്ങളും, ത്യാഗപൂർണ്ണമായ പരിശ്രമവുമാണ്.

മഹത്തായ ഈ ക്ഷേത്രത്തെക്കുറിച്ച് സാധാരണ ജനങ്ങൾക്ക് അറിവ് നൽകുക എന്നതാണ് ഈ ലഘുപ്രസിദ്ധീകരണം കൊണ്ട് ഞങ്ങളുടെ ഉദ്ദേശ്യം. ഇങ്ങിനെയൊരു ഗ്രന്ഥം പുറത്തിറക്കുന്നതിന് ഗവേഷണാത്മകമായ അഭിപ്രായങ്ങളും അറിവുകളും പകർന്ന് ഞങ്ങളോട് സഹകരിച്ച ഡോ. എം.ആർ. രാഘവവാര്യർ, പ്രൊഫ: കെ.എം. പ്രിയദർശൻ ലാൽ, ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ കക്കാട് വാസുദേവൻ നമ്പൂതിരിപ്പാട് , ക്ഷേത്രം ഊരാളനും രക്ഷാധികാരിയുമായ എടക്കാട്ട് ടി. കേശവനമ്പി എന്നിവരോടും ഈ പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരണയോഗ്യമാക്കിത്തന്ന ശ്രീ. കേശവന്ധ കാവുന്തറ, പാണക്കാട്ട് ബാലകൃഷ്ണൻ, 'ക്ഷേത്രസമുച്ചയ പരിചയം' എഴുതിയ വി.വി.കെ. നമ്പീശൻ എന്നിവരോടും ഞങ്ങൾ കൃതജ്ഞതരാണ്.

ക്ഷേത്രത്തിൽ നവീകകരണ അഷ്ടബന്ധകലശവും, ഉപദേവതകളുടെ പുന:പ്രതിഷ്ഠാ മഹോത്സവവും നടക്കുന്ന ഈ വേളയിൽ ഞങ്ങളുടെ ഹൃദയം സന്തോഷനിർഭരമാകുന്നുണ്ടെങ്കിലും ഈ ക്ഷേത്രത്തിന്റെ ഉന്നമത്തിനുവേണ്ടി അക്ഷീണം പ്രയത്നിക്കുകയും, നിർലോഭമായ സഹായസഹകരണങ്ങൾ നൽകുകയും ചെയ്ത പല മഹത്വ്യക്തികളും ഇപ്പോൾ നമ്മളോടൊപ്പമില്ല എന്നത് ഞങ്ങളെ അത്യന്തം ദു:ഖിപ്പിക്കുന്നുണ്ട്. ഈ ധന്യവേളയിൽ ഇവരേവരെയും ഞങ്ങൾ അത്യന്തം ദു:ഖിപ്പിക്കുന്നുണ്ട്. ഈ ധന്യവേളയിൽ ഇവരേവരെയും ഞങ്ങൾ ഹൃദയപൂർവ്വം അനുസ്മരിക്കുകയും അവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തുകൊണ്ട് ഈ പുസ്തകം ഭക്തജനസമക്ഷം സമർപ്പിക്കുന്നു. ഈ ഗ്രന്ഥം സമ്പൂർണ്ണമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. പോരായ്മകളുണ്ടാവാം. അവ ചൂണ്ടിക്കാണിക്കുന്ന പക്ഷം അടുത്ത പതിപ്പിൽ പരിഹരിക്കാവുന്നതേയുള്ളു. ഈ ലഘുപ്രസിദ്ധീകരണം നിങ്ങളേവരും സന്തോഷപൂർവ്വം സ്വീകരിക്കുമെന്ന വിശ്വാസത്തോടെ,

ശ്രീ ആതകശ്ശേരി ശിവക്ഷേത്രം

## ശിവധ്യാനം

ബിഭ്രദ്ദോർഭിക്കുഠാരം മൃഗമായവരൗ
സുപ്രസന്നോ മഹേശ:
സർവ്വാലങ്കാര ദീപ്ത: സരസിജനിലയോ
വ്യാഘ്ര ചർമ്മാത്ത വാസ:
ധ്യേയോ മുക്താപരാഗാമൃതരസകലിതാ–
ദ്രിപ്രഭ: പഞ്ചവക്ത്ര:
സ്ത്ര്യക്ഷ: കോടീര കോടീഘടിത തുഹിനരോ
ചിഷ്കലാതുംഗ മൗലി:

## ഗോശാലകൃഷ്ണ ധ്യാനം

കൃഷ്ണോന: ശിഖിപിഞ്ഛ സംയതകചോ
ബാലാകൃതി:കർണ്ണയോ
സ്തന്മുദ്രാ മകരോജ്യലോലകുടകം
വക്രം വഹൻ ദക്ഷിണേ
ദോർവാമം സദരം കടൗവിനിദധ
ല്ലം ബാഗ്ര മർദ്ധോരുകം
ബിഭ്രദീപ്ത വിഭൂഷണ: സുലളിതോ
രക്ഷേൽ സ്ഥിതോ ഗോകുലേ

## ശ്രീ അയ്യപ്പധ്യാനം

സ്നിദ്ധരാളവിസാരി കുന്തളഭരം
സിംഹാസനദ്ധ്യാസിനം
സ്ഫൂർജ്ജൽ പത്ര സുക്ലുപ്തകുണ്ഢല മഥേ–
ഷിഷ്വല സദ്ഭൃർദ്ദോദയം
നീല ക്ഷൗമവസം നവീന ജലദ
ശ്യാമം പ്രഭാസത്യക
സ്ഫായൽ പാർശ്വയുഗം സുരക്തസകലാ–
കല്പം സ്മരേദോര്യകം

## പരദേവതാധ്യാനം

വീരശ്രീരംഗഭൂമി: കരതലവിലസൽ
ചാപബാണം കപാലീ
യുദ്ധാസൃക്ഭൂഷിതാംഗോ രണവിജയപടു:
പീതകൗശേയ വാസാ:
ഭക്താനാമിഷ്ടദായീ ജലധര പടല
ശ്യാമള സ്മശ്രു ജാല:
പായന്ന: പാർവ്വതീശ: പ്രിയശബരവപു:
ശക്തിമാൻ യ: ശിവോയ

## ശ്രീ ആതകശ്ശേരി ശിവക്ഷേത്രം
## പുരാവൃത്തവും ചരിത്രവും

ഹരിശ്രീ ഗണപതയേനമ: അവിഘ്നമസ്തു
കൃപാസമുദ്രം സുമുഖം ത്രിനേത്രം
ജടാധാരം പാർവ്വതി വാമഭാഗം
സദാശിവം രുദ്രമനന്തരൂപം
ചിദംബരേശം ഹൃദിഭാവയാമി

ശുക്ലാംബരാധരം വിഷ്ണും
ശശിവർണം ചതുർഭുജം
പ്രസന്നവദനം ധ്യായേൽ
സർവ്വ വിഘ്നോപശാന്തയേ

### ക്ഷേത്രമഹാത്മ്യം

ക്ഷേത്രങ്ങൾ മാനവസംസ്കാരത്തിന്റെ ഉറവിടങ്ങളാണ്. മനുഷ്യസമുദായത്തിന്റെ അഭിലഷണീയമായ വികാസ പരിണാമങ്ങൾക്ക് എന്നും നിദാനമായി വർത്തിച്ചുകൊണ്ടിരിക്കുന്ന ക്ഷേത്രസങ്കൽപങ്ങൾക്ക് മാനവചരിത്രത്തോളം തന്നെ പഴക്കമുണ്ടെന്നു പറയാം. ക്ഷയത്തിൽ നിന്നും ത്രാണനം ചെയ്യുന്നത് (നാശത്തിൽ നിന്നും രക്ഷ ചെയ്യുന്നത്) ക്ഷേത്രം എന്ന് നിഷ്പത്തി. അന്തർവർത്തിയായ ആത്മാവിന്റെ വാസസ്ഥാനമെന്നും ക്ഷേത്രത്തിന് അർത്ഥം പറയാം. ഏതായാലും പ്രപഞ്ചത്തിലെങ്ങും നിറഞ്ഞുനിൽക്കുന്ന ഈശ്വരചൈതന്യത്തെ സാധാരണക്കാരായ ഭക്തജനങ്ങളുടെ ഭൗതികവും ആദ്ധ്യാത്മികവുമായ സർവ്വൈശ്വര്യങ്ങൾക്കും ഉപയോഗിക്കത്തക്കവിധം തയ്യാറാക്കിയിട്ടുള്ളതാണ് ക്ഷേത്രങ്ങൾ എന്നു കാണാം.

ഹൈന്ദവക്ഷേത്രങ്ങൾ കേവലം പ്രാർത്ഥനാകേന്ദ്രങ്ങളോ, ഭജനമന്ദിരങ്ങളോ അല്ല; താന്ത്രിക വിധിപ്രകാരം ഈശ്വരചൈതന്യത്തെ പ്രതിഷ്ഠിച്ച ജീവനുള്ള സാങ്കേതങ്ങളാണ്. വിഗ്രഹാരാധനയിലൂടെയാണ് ഈശ്വരസന്നിധിയിലേക്കുള്ള നമ്മുടെ പ്രയാണ് സാധ്യമാകുന്നത്. ശാസ്ത്രങ്ങളിലും പുരാണേതിഹാസങ്ങളിലും വിഗ്രഹാരാധനയെ സംബന്ധിച്ച് പ്രമാണങ്ങൾ വേണ്ടത്രയുണ്ട്. ഈ പ്രപഞ്ചത്തെ ഒരു ശരീരമായി ഗണിക്കാമെങ്കിൽ അതിലെ ജീവനാണ് ഈശ്വരൻ, അതുകൊണ്ടുതന്നെ ഈ പ്രപഞ്ചത്തെ ഒരു ശരീരമായി ഗണിക്കാമെങ്കിൽ അതിലെ ജീവനാണ് ഈശ്വരൻ. അതുകൊണ്ടുതന്നെ ഈ പ്രപഞ്ചത്തിലെ സർവ്വാചരാചരങ്ങളിലും ഈശ്വരചൈതന്യം കുടികൊള്ളുന്നുണ്ട്. ഒരേ വൈദ്യുതപ്രവാഹം വിവിധങ്ങളായ വൈദ്യതോപകരണങ്ങളിൽ വിവിധതരത്തിൽ പ്രവർത്തിക്കുന്നതുപോലെ ഒരേ ഈശ്വരചൈതന്യം ഈ പ്രപഞ്ചത്തിലെ വിവിധ വസ്തുക്കളിൽ വിവിധതരത്തിൽ പ്രതിഫലിപ്പിക്കുന്നു. 'ഈശാവാസ്യമിദം സർവ്വം' എന്ന ഉപനിശഷദ്വചനം വ്യക്തമാക്കുന്നതും ഇതുതന്നെയാണല്ലോ.

ഓരോ മനുഷ്യനിലും ഒളിഞ്ഞുകിടക്കുന്ന ഈശ്വരചൈതന്യത്തെ കഠിനങ്ങളായ സാധനാമാർഗ്ഗത്തിൽകൂടി ഉയർത്തിയെടുത്ത് പരമപദത്തിലെത്തിക്കുന്ന പദ്ധതി ഹൈന്ദവശാസ്ത്രങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. സാധാരണമനുഷ്യരെ സംബന്ധിച്ചിടത്തോളം ഇത് അപ്രാപ്യമാണെന്നു പറയാം. അതിനുള്ള ഒരു പരിഹാരമായിട്ടാണ്

നമ്മുടെ ക്ഷേത്രങ്ങൾ സങ്കൽപ്പിക്കപ്പെടുന്നതും ഇത് അപ്രാപ്യമാണെന്നു പറയാം. അതിനുള്ള ഒരു പരിഹാരമായിട്ടാണ് നമ്മുടെ ക്ഷേത്രങ്ങൾ സങ്കൽപ്പിക്കപ്പെടുന്നതും പണിതുയർത്തപ്പെടുന്നതും. ക്ഷേത്രം ദേഹമാണെങ്കിൽ ഈശ്വരൻ ആത്മാവാണ്. അല്പം കൂടി വിശദീകരിച്ചാൽ മനുഷ്യശരീരത്തിന്റെ ഘടനയിലാണ് ക്ഷേത്രനിർമ്മാണവുമെന്ന് കണ്ടെത്താം. ഷഡാധാര വിധിപ്രകാരം ദേവവിഗ്രഹം പ്രതിഷ്ഠിക്കപ്പെടുന്നതും ശ്രീകോവിലാണല്ലോ. ഇതത്രെ ദേവന്റെ സൂക്ഷ്മശരീരം. ശ്രീകോവിലിനും ചുറ്റും ചെറിയ ബലിക്കല്ലുകൾ വരെയുള്ള അകത്തെ പ്രദക്ഷിണ വഴിയാണ് ദേവന്റെ മുഖം. ശ്രീകോവിലിന്റെ മുൻവശത്ത് കാണുന്ന മുഖമണ്ഡപമാണ് ദേവന്റെ കണ്ഠം. വേദമന്ത്രോച്ചാരണങ്ങളും മറ്റും നടക്കുന്നത് ഇവിടെ വെച്ചാണ്. കൈകാലുകളുടെ സ്ഥാനമാണ് നാലമ്പലം. ഇതിനു പുറമെയുള്ള പ്രദക്ഷിണ വഴി ദേവന്റെ നട്ടെല്ലായി കണക്കാക്കപ്പെടുന്നുത് ക്ഷേത്രത്തിലെ ധ്വജസ്തംഭമാണ്. ക്ഷേത്രത്തിനു പുറത്തുള്ള മതിൽക്കെട്ടുകൾ ദേവന്റെ മുട്ടുകളും കണങ്കാലുകളുമാണ്. ഗോപുരം ഗണിക്കപ്പെടുന്നത് ദേവന്റെ പാദമായിട്ടാണ്.

സമൂഹത്തിന്റെ ആത്മീയവും ഭൗതികവുമായ അഭ്യുദയത്തിനായി പൂർവ്വികർ നൽകിയ അമൂല്യസംഭാവനകളായി ക്ഷേത്രങ്ങളെ കരുതാം. ഒരു ക്ഷേത്രത്തിന്റെ നാശം ഒരു പ്രദേശത്തിന്റെ അഥവാ, ഒരു സംസ്കാരത്തിന്റെ തന്നെ നാശമായിരിക്കും. സാംസ്കാരികവും സദാചാരവുമായ അധഃപതനത്തിൽ നിന്നും മൂല്യച്യുതിയിൽ നിന്നും ഒരു സമൂഹത്തെ രക്ഷിക്കാൻ ക്ഷേത്രങ്ങൾക്കുമാത്രമേ കഴിയൂ.

## ക്ഷേത്രോൽപത്തി

ശ്രീ ആതകശ്ശേരി ശിവക്ഷേത്രത്തിന്റെ ഉൽപത്തിയക്കുറിച്ച് ആധികാരികമായി ഒന്നും തന്നെ പറയാനാവില്ലെങ്കിലും ഈ ക്ഷേത്രത്തിന്റെ ഉൽപത്തിയെക്കുറിച്ചുള്ള ഒരു ഐതിരഹ്യം കേട്ടറിഞ്ഞത് ഇങ്ങനെയാണ്.

ആതകശ്ശേരി ക്ഷേത്രതത്തിന്റെ മുന്നിൽ ഇന്നു കാണുന്നവയൽ പ്രദേശം മുമ്പ് നീരൊഴുക്കുചാലുകളും തടാകങ്ങളും നിറഞ്ഞതായിരുന്നു. തൃക്കൈക്കുന്നാകട്ടെ, വനനിബിഡമെന്നതിലുപരി, അനേകം അമൂല്യങ്ങളായ ഔഷധസസ്യങ്ങളുടെ വിളനിലവുമായിരുന്നു.

പണ്ട് ഒരു മഹർഷിവര്യൻ ശിവനെ തപസ്സനുഷ്ഠിക്കാനായി ഈ കുന്നിന്റെ താഴ്വരയിലെത്തിയത്രെ. തികച്ചും ഏകാന്തമായ ഈ പ്രദേശം അദ്ദേഹത്തെ സന്തുഷ്ടനായിരിക്കണം. ശിവാരാധനയിൽ മുഴുകിയ അദ്ദേഹത്തിന് ഒരു രാത്രിയിൽ ദർശനം ലഭിക്കുകയുണ്ടായി. സാക്ഷാൽ പരമശിവൻ മുന്നിൽ പ്രത്യക്ഷനായി സമീപത്തുള്ള കുന്നിൻ ചരിവിലേക്ക് തൃക്കൈചൂണ്ടിക്കൊണ്ട്, അവിടെ സ്വയംഭൂവായ ഒരു ശിവലിംഗമുണ്ടെന്നും അതുകണ്ടെത്തിയ ശേഷം യഥാവിധി പ്രതിഷ്ഠനടത്തി ശിവാരാധനയിൽ ഏർപ്പെടണമെന്നും മഹർഷിവര്യനെ ഉപദേശിച്ചു. സന്തുഷ്ടനായ ഋഷിവര്യൻ അടുത്ത പ്രഭാതത്തിൽ കുളിയും തേവാരവും കഴിഞ്ഞ് പരമശിവൻ തൃക്കൈ ചൂണ്ടിയ കുന്നിൽ നിബിഡവനങ്ങൾക്കിടയിലൂടെ നടക്കാൻ തുടങ്ങി. സായംസന്ധ്യയായപ്പോൾ തേജോമയമായ ഒരു സ്വയംഭൂവിഗ്രഹം കണ്ടെത്തി. ഉടനെ തന്നെ ഭക്തിപൂർവ്വം നമസ്കരിച്ച് ആ ശിവലിംഗത്തെ തൂക്കൈക്കുന്നിന്റെ താഴ്വരയിൽ ഇന്നുകാണുന്ന ക്ഷേത്രസ്ഥാനത്ത് യഥാവിധി പ്രതിഷ്ഠിച്ച് അദ്ദേഹം ശിവാരാധനയിൽ മുഴുകിയത്രെ.

ഉപദേവന്റെ പ്രതിഷ്ഠകളും നാലമ്പലവും മറ്റും വളരെ പിന്നീടാണുണ്ടായത്.

## കാലപ്പഴക്കം

രണ്ടു സഹസ്രാഹബ്ദത്തിലധികം പഴക്കം ഈ ക്ഷേത്രത്തിനുള്ളതായി സ്വർണ്ണപ്രശ്നത്തിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. ശ്രീകോവിലിന്റെ നിർമ്മാണശൈലിയും മറ്റും വിലയിരുത്തിക്കൊണ്ട് പ്രസിദ്ധചരിത്രകാരനായ പ്രൊഫ. എം. ആർ. രാഘവവാര്യർ ഈ ക്ഷേത്രത്തിന്റെ പഴക്കത്തെകുറിച്ച് പറുയന്നതിങ്ങനെയാണ്.

'ഇവിടെ എത്തുന്ന ഏതൊരാൾക്കും ഇതൊരു മഹാക്ഷേത്രമാണെന്ന് നിഷ്പ്രയാസം മനസ്സിലാക്കാം. ഇതിന്റെ പഴക്കം നിർണ്ണയിക്കാനുള്ള തെളിവുകൾ വളരെ കുറവാണ്. ശിലാലിഖിതങ്ങളോ, മറ്റു രേഖകളോ ഇതു വരെ ലഭിച്ചിട്ടില്ല. എന്നാൽ ശ്രീകോവിലിന്റെ ചുമരിൽ ചലകൊത്തുപണികൾ കാണുന്നുണ്ട്. രത്നമാല, പുഷ്പമാ, മൃഗമാല, പക്ഷിമാ ഭൂതമാല എന്നിങ്ങനെ മാലകൾ കൊത്താറുള്ള പതിവ് കേരളത്തിലെ പല ക്ഷേത്രങ്ങളിലും കാണാം. ആതകശ്ശേരി ശിവക്ഷേത്രത്തിൽ അതിഷ്ഠാനത്തിന്റെ മുകളിലേക്ക് പുഷ്പമാല കൊത്തിയിട്ടുള്ളത് ഇപ്പോഴും ദൃശ്യമാണ്. മുകളിൽ ഭൂതമാല ഉണ്ടായിരുന്നതായും തോന്നുന്നുണ്ട്. അത്തരം മൂന്നോ നാലോ രൂപങ്ങൾ തെക്കുകിഴക്കു കോണിലായി കാണുന്നുണ്ട്. യജ്ഞോപവീതം ധരിച്ച് കുടവയറോടുകൂടി ഇരിക്കുന്ന ഭൂതങ്ങളെയാണ് അവയിൽ ചിത്രീകരിച്ചിട്ടുള്ളത്. ഈ രൂപങ്ങളില അനലംകൃതമായ ശൈലി ആ രുപങ്ങളുടെ കാലപ്പഴക്കത്തെ സൂചിപ്പിക്കുന്നു. ക്രിസ്തുവർഷം എട്ടാം നൂറ്റാണ്ടിനും പത്താം നൂറ്റാണ്ടിനും ഇടയിൽ നിർമ്മിച്ചതാവാം രൂപങ്ങൾ. ഇതനുസരിച്ച് ഏറ്റവും ചുരുങ്ങിയത് പന്ത്രണ്ട് നൂറ്റാണ്ടുകളുടെ പഴക്കമെ ങ്കിലും ഈ ക്ഷേത്രത്തിന് കണക്കാക്കാം.

## ക്ഷേത്ര പശ്ചാത്തലം

കോഴിക്കോട് ജില്ലയിലെ പഴയ കുറുമ്പ്രനാട് താലൂക്കിൽ പ്രകൃതി സൗന്ദര്യത്തിന്റെ നടനവേദിയായ ഉള്ളിയേരി ഗ്രാമത്തിന്റെ ഹൃദയഭാഗത്താണ് ശ്രീ ആതകശ്ശേരി ശിവക്ഷേത്രം. ഉള്ളിയേരി–പേരാമ്പ്ര റോഡിൽ നിന്നും മൂന്നൂറ് മീറ്റർ പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രത്തിന്റെ ഭൂമിശാസ്ത്രപരമായ പശ്ചാത്തലം സവിശേഷ ശ്രദ്ധയർഹിക്കുന്നതാണ്.

പ്രസിദ്ധമായ തൃക്കൈകുന്നിന്റെ താഴ്വരയിലായി സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രത്തിന്റെ കിഴക്കും വടക്കും നീരൊഴുക്കുകളുണ്ടായിരുന്നുവത്രെ. ഈ രണ്ട് നീരൊഴുക്കുകളും ഒന്നായിച്ചേർന്ന് നേരെ വടക്കോട്ടൊഴുകി തൊട്ടടുത്തുള്ള രാമൻപുഴയിലാണ് ചേർന്നിരുന്നത്. ക്ഷേത്രത്തിന്റെ കിഴക്കുഭാഗം വയലുകളായി ക്രമേണ രൂപപ്പെട്ടുവെങ്കിലും പഴയ നീരൊഴുക്കിന്റെ ഓർമ്മയെന്നോണം ഇപ്പോഴും ഒരു തോട് ഒഴുകുന്നുണ്ട്. പാടങ്ങളും പറമ്പുകളുമായി രൂപാന്തരപ്പെട്ട ഇതിന്റെ സമീപപ്രദേശങ്ങളിൽ കിണർ കുഴിക്കുമ്പോൾ കാണാനിടയായ മണലും വലിയ വലിയ വൃക്ഷങ്ങളുടെ അവശിഷ്ടവും വിരൽ ചൂണ്ടുന്നത് ആ പഴയ പശ്ചാത്തലത്തിലേക്കാണ്.

ക്ഷേത്രത്തിന്റെ മുന്നിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന നീർച്ചാലുകൾ ക്രമേണ വള്ളം കെട്ടിക്കിടക്കുന്ന തടാകങ്ങളായി രൂപാന്തരപ്പെട്ടുവെന്നും അതിന്റെ ഒരു ഭാഗമാണ് പിന്നീട് ക്ഷേത്രക്കുളമായി മാറിയതെന്നുമാണ് അനുമാനം. വൈവിധ്യമാർന്ന തരുലതകളും അമൂല്യങ്ങളായ ഔഷധസസ്യങ്ങളും മററും കൊണ്ട് ഈ പ്രദേശം ഒരു കാലത്ത് അനുഗ്രഹീതമായിരുന്നുവെന്ന് പഴമക്കാർ അയവിറക്കുന്നു.

ധന്യമായ തൃക്കൈകുന്നിന്റെ താഴ്‌വരയിലുള്ള ഈ ക്ഷേത്രം പതിമൂന്ന് കൊച്ചു കൊച്ചു മാലകളാൽ ചുറ്റപ്പെട്ടതാണ്. ഇതിൽ ഒരോ മലയ്ക്കും പ്രത്യേകം സവിശേഷതകളുമുണ്ട്.

തൃക്കൈകുന്ന് കൂടാതെ അരിമ്പമല, ചാലപ്പറ്റക്കുന്ന്, പാലോറാമല, കൊലയാൻ മല, മപ്പുറത്ത് കുന്ന്, കൈപ്രം കുന്ന്, കായപ്പറ്റമല, അഞ്ഞനോറ മല, എന്നിങ്ങളനെ പ്രസിദ്ധമായ മലകളിൽ മിക്കവയിലും ക്ഷേത്രങ്ങളുണ്ട്. മാത്രമല്ല, അവിടെ നിന്നെല്ലാം നീർച്ചാലുകൾ ഉദ്ഭവിച്ചിരുന്നതായും ഊഹിക്കപ്പെടുന്നുണ്ട്. കാട്ടാനകൾ, കാട്ടുപന്നികൾ, മാൻവർഗ്ഗങ്ങൾ, നരി, പുലി, കുരങ്ങുകൾ തുടങ്ങിയ മൃഗങ്ങളും മയിൽ മുതലായ പക്ഷിവർഗ്ഗങ്ങളും അവിടങ്ങളിലൊക്കെ ഉണ്ടായിരുന്നുവത്രെ. ഇക്കൂട്ടത്തിൽ കാട്ടുമൃഗങ്ങൾ മാത്രം വിഹരിച്ചിരുന്ന മലകളുമുണ്ട്. ചിലമലകളിൽ ആദിവാസികൾ വസിച്ചിരുന്നതായും പറയപ്പെടുന്നു. ഏതായാലും ഏറ്റവും ശ്രദ്ധേയമായിത്തീർന്നത് തൃക്കൈക്കുന്നു തന്നെയാണ്. അത്യപൂർവ്വമായ ഔഷധച്ചെടികൾ വളർന്നിരുന്നതും ഘോരവനനിബിഡവുമായ ഈ കുന്ന് ശിവപാർവ്വതിമാരുടെ പാദസ്പർശമേറ്റ് അനുഗൃഹീതമായതത്രെ.

## തൃക്കൈക്കുന്ന് –ചരിത്രദൃഷ്ടിയിൽ

ശ്രീ ആതകശ്ശേരി ശിവക്ഷേതത്തിലെ പ്രതിഷ്ഠ നടത്തിയ മഹർഷിവര്യന്, ശിവൻ തന്റെ തൃക്കൈ കാണിച്ചുകൊടുത്ത കുന്ന് എന്ന അർത്ഥത്തിലാണ് തൃക്കൈക്കുന്ന് എന്ന് വ്യവഹരിക്കപ്പെടുന്നത്. ഇത് നാട്ടുകാരുടെ പൊതുവായ ധാരണമാത്രം. എന്നാൽ ചരിത്രത്തിൽ ഈ നാമം വ്യാഖ്യനിക്കപ്പെടുന്നത് തികച്ചും വിഭിന്നമായ അർത്ഥത്തിലാണ്.

തൃക്കൈക്കുന്ന് എന്ന ഈ പ്രദേശം അതിന്റെ ഭൂമിശാസ്ത്ര പ്രയോഗം നോക്കിയാൽ തൃക്കഴിക്കുന്ന് ആണ് എന്ന് വിചാരിക്കാൻ വഴിയുള്ളതായി പ്രൊ. എം.ആർ. രാഘവനമ്പ്യാർ പറയുന്നു. കഴി എന്ന പദത്തിന് പഴയദ്രാവിഡഭാഷയിൽ ഉപ്പുവെള്ളച്ചാല് എന്നാണർത്ഥം. തൃക്കൈക്കുന്നിന്റെ അടുത്തുള്ള തെരുവത്ത് കടവ് പുഴവേനൽക്കാലത്ത് ഉപ്പുവെള്ളച്ചാലായിത്തീരുന്നു. നിത്യജീവിതത്തിലും അനുഷ്ഠാനങ്ങളിലും വ്രണചികിത്സയിലും ശുദ്ധീകരണ പ്രവൃത്തിയിലും അടുക്കളയിലും മറ്റും ഉപ്പിനുള്ള പ്രാധാന്യം നോക്കിയാൽ തെരുവത്ത് കടവിലെ പഴയ ഉപ്പുകഴി എത്രമാത്രം പ്രധാനമായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ള. ഈ ഉപ്പുകഴിയുടെ അടുത്തുള്ള അടയാളക്കുന്നാണ് തൃക്കൈക്കുന്ന് എന്ന് വിചാരിക്കുന്നതിൽ ധാരാളം യുക്തിയുണ്ട്. തൃക്കഴിക്കുന്ന് ക്രമേണ ഇന്നത്തെ തൃക്കൈക്കുന്നായി മാറിയതാവാം.

## ക്ഷേത്രം-ഒരു സാമൂഹ്യകേന്ദ്രം

ക്ഷേത്രം ഒരു സാമൂഹ്യകേന്ദ്രമാണ്. ആനിലയ്ക്ക് ഈ ക്ഷേത്രത്തിന്റെ സാമൂഹ്യം പ്രസക്തിയെക്കുറിച്ചുള്ള അന്വേഷണം ചരിത്രവിദ്യർത്ഥികൾക്കും ഗവേഷകർക്കും ഒരു പോലെ പ്രയോജനപ്പെടും. പ്രസിദ്ധ ചരിത്രകാരമായ പ്രൊഫ. എം.ആർ. രാഘവവാര്യർ ഈ ക്ഷേത്രത്തിന്റെ സാമൂഹ്യപ്രസക്തിയെക്കുറിച്ച് വിലയിരുത്തുന്നതിങ്ങനെയാണ്.
‘ ആതകശ്ശേരി ക്ഷേത്രത്തിന്റെ നാലുപാടും കുന്നുകളും മലകളുമുണ്ട്. അരിമ്പമല, ചാല പ്പറ്റക്കുന്ന്, പാലോറമല, കൊലയാൻ മല, മപ്പുറത്ത് കുന്ന്, കൈപ്രംകുന്ന്, കായപ്പറ്റ മല, അഞ്ഞനോറ മല തുടങ്ങിയ പലതിലും നന്നങ്ങാടികളുടേയും മുനിയറകളുടേയും അവ ശിഷ്ടങ്ങൾ ധാരാളമായി കണ്ടെത്തിയിട്ടുണ്ട്. തൃക്കൈക്കുന്നിലും പാലോറമലയുടെ പാർശ്വഭാഗങ്ങളിലും ഇത്തരത്തിലുള്ള അവശിഷ്ടങ്ങൾ ഇപ്പോഴും പറമ്പുകിളയ്ക്കു മ്പോഴും മറ്റും കിട്ടാറുണ്ട്. ഇരുമ്പുയുഗത്തിന്റെ ജനവാസ ലക്ഷ്യങ്ങളാണ് ഈ പറഞ്ഞ ചരിത്രാവശിഷ്ടങ്ങൾ.

ഈ ക്ഷേത്രം നിൽക്കുന്ന പ്രദേശത്തിന്റെ തെക്കുഭാഗത്തായി അത്തോളിയ്ക്കടു ത്തുള്ള എലിയാട്ട് മലയിലും ഈ തരത്തിലുള്ള ചരിത്രാവശിഷ്ഠങ്ങൾ അനേകമുണ്ട്. മാത്രമല്ല, ഈ പ്രദേശത്തെ, മണ്ണിൽ ഇരുമ്പയിരിന്റെ നിക്ഷേപം വളരെ കൂടുതലുള്ള തായി ഭൂഗർഭഗവേഷണ വകുപ്പുകൾ കണ്ടെത്തിയിട്ടുണ്ട്.

മണ്ണിലെ ഈ ഇരുമ്പയിര് എടുത്ത് ശുദ്ധി ചെയ്ത് ഇരുമ്പും ഉരുക്കും ആക്കി മാററാനുള്ള സാധ്യത അറിയുന്ന ഒരു ജനതയായിരുന്നു ഈ പ്രദേശത്തെ ആദി സമൂഹ ങ്ങൾ. അവരുടെ സമൂഹത്തിലേക്ക് വന്നെത്തിയ ക്ഷേത്രങ്ങളാണ് ഇന്നിവിടെ കാണുന്ന വയെല്ലാം ഈ ക്ഷേത്രങ്ങളെ കേന്ദ്രമാക്കി ഇവിടെ പുലർന്നുപോന്ന ജനസമുദായങ്ങ ളാണ് പിൽക്കാലത്ത് ഈ മണ്ണിലെ ഇരുമ്പുകൊണ്ട് മെച്ചപ്പെട്ട പണിയായുധങ്ങളും കാർഷികാവശ്യത്തിനുള്ള ഉപകരണങ്ങളും ഉണ്ടാക്കി ഈ പ്രദേശത്തെ സമ്പന്നമാക്കിയ ത്. കുറുമ്പ്രനാട്ടിൽ പഴയ രാജാക്കൻമാരു ആശ്രിതരായി കഴിഞ്ഞുപോന്ന കുട്ടമ്പൂർ കൊല്ലൻമാർ പഴയ ഇരുമ്പുവിദ്യയുടെ പാരമ്പര്യ അവകാശികളാണ്. ഇരുമ്പിന്റെയും ഓടിന്റെയും ഓടിന്റെയും മരത്തിന്റെയും സാങ്കേതികജ്ഞാനമുള്ള സമുദായങ്ങളെ യെല്ലാം ഒരൊറ്റച്ചരടിൽ കോർത്തിണക്കുന്നു കേന്ദ്രസ്ഥാപനമായിരുന്നു ക്ഷേത്രം. ആ നിലയ്ക്ക് ഉള്ളിയേരിയിലും പരിസരത്തുമുള്ള ക്ഷേത്രങ്ങളുടെ ചരിത്രപ്രാധാന്യം കുറ ച്ചൊന്നുമല്ല.

## സ്ഥലനാമത്തിന്റെ പ്രസക്തി

ഈ പ്രദേശത്തിന് ഉള്ളിയേരി അഥവാ ഉള്ള്യേരി എന്ന നാമം കൈവന്നതിനെപ്പറ്റി വിഭി ന്നാഭിപ്രായങ്ങളാണ്. കൈലാസനാഥനായ ശിവൻ ഈ ഗ്രാമത്തിന്റെ ഉള്ളിലേറി കുടു കൊള്ളുന്നതുകൊണ്ടാണ് ഈ പ്രദേശം പ്രസ്തുത നാമത്തിലറിയപ്പെടുന്നതത്രെ. ഉള്ളി ലേറി എന്ന പദത്തിന് ലോപം സംഭവിച്ച് ഉള്ളിയേരിയും പിന്നീടത് ഉള്ളേരിയും ആയതാ കണം.

ശിവപാർവ്വതിമാരുടെ പാദസ്പർശത്താൽ അനുഗൃഹീതമായ ഈ സ്ഥലം സാക്ഷാൽ ഐശ്വര്യദേവതയുടെ ലാസ്യപദമായെന്നും അങ്ങനെ ഈ പ്രദേശം ഉള്ളവ രുടെ നാടായെന്നും ഉള്ളിയേരിയായെന്നുമാണ് ചിലരുടെ നിഗമനം.

‘ഉള്ള’ എന്ന ശബ്ദത്തിന് ചേർന്ന , കൈവശം സ്ഥിതിചെയ്യുന്ന, എന്നിങ്ങനെ അർത്ഥങ്ങൾ കാണുന്നുണ്ട്. ‘ഏരി’ എന്ന ശബ്ദത്തിന് വെള്ളച്ചാല്, കൃഷിക്കുവേണ്ടി

കെട്ടിനിർത്തിയ ചെറ, കുളം എന്നെല്ലാമാണ് അർത്ഥം. ഇങ്ങനെ നോക്കുമ്പോൾ നീർച്ചാലുകളോ, വെള്ളം കെട്ടി നിർത്തിയ ചെറകളോ ചേർന്ന സ്ഥലം എന്ന അർത്ഥത്തിലാകണം ഈ പ്രദേശം ഉള്ളിയേരിയായതെന്നു കരുതാം. ഈ ക്ഷേത്രനാഥനായ ശിവന്റെ വന്ദനശ്ലോകത്തിലെ " വാപീതടാലയ ഗതം കുലദൈവതം'' എന്ന പ്രയോഗവും ഇത് സാധൂകരിക്കുന്നതാണ്.

എന്നാൽ, ഉള്ളിയേരിയിലെ ഈ ക്ഷേത്രത്തിനുമാത്രമേ ആതകശ്ശേരി എന്നു പറയപ്പെടുന്നുള്ളൂ. ആതപനൻ എന്ന വാക്കിന് ശിവൻ എന്നാണല്ലോ അർത്ഥം ഈ ശിവബന്ധത്തിൽ നിന്നാകണം ആതകശ്ശേരിയുടെ ഉദ്ഭവം. അതായത് സാക്ഷാൽ ആതപനൻ കുടികൊള്ളുന്ന സ്ഥലം. എന്ന അർത്ഥത്തിൽ ആതപനശ്ശേരി–ആതപശ്ശേരി–ആതകശ്ശേരി എന്നിങ്ങനെ രൂപാന്തരപ്പെട്ടതാകണം. ബ്രഹ്മശ്രീ വേഴപ്പറമ്പ് പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ അഭിപ്രായത്തിൽ ആസകശ്ശേരിയുടെ രൂപാന്തരമാണ് ആതകശ്ശേരി.

ആതകശ്ശേരി എന്ന പേരിൽ അറിയപ്പെടുന്ന ചില പറമ്പുകൾ ഇന്നും ഈ പ്രദേശത്തുണ്ട്. ഇവ ഒരു കാലത്ത് ഈ ക്ഷേത്രവുമായി ബന്ധപ്പെട്ടിരുന്നതായിരിക്കണം.

## പ്രതിഷ്ഠാസ്വഭാവം

കേരളത്തിൽ അത്യപൂർവ്വമായി മാത്രം കാണാവുന്ന ശിവക്ഷേത്രങ്ങളിലൊന്നാണ് ആതകശ്ശേരി ക്ഷേത്രം. പ്രിതിഷ്ഠാപ്രാധാന്യം കൊണ്ട് ശ്രേഷ്ഠവും ശ്രദ്ധാർഹവുമായ ഈ മഹാക്ഷേത്രം ഒരേ ശ്രീകോവിലിൽ ഒന്നിലധികം സാന്നിദ്ധ്യ സവിശേഷതകളോടു കൂടിയതാണ്. ശിവലിംഗത്തിനു തന്നെയാണ് അത്യന്തം പ്രാധാന്യം. ഷഡാധാരവിധി പ്രകാരം പ്രതിഷ്ഠിക്കപ്പെട്ട ശിവലിംഗത്തിനു പുറമെ , മറ്റു ബിംബപ്രതിഷ്ഠകളുമുണ്ട്.

ശിവലിംഗത്തിനു പിന്നിലായി എട്ടടിയോളം പൊക്കത്തിലുള്ള കിരാതമൂർത്തി, പാർവ്വതി, പാബഗണപതി എന്നീദേവൻമാരും സകളബിംബമായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ട്. അർജ്ജുനന് പാശുപതാസ്ത്രം നൽകിയശേഷം പ്രസന്നവദനനയാള്ള രൂപത്തിലാണ് കിരാതമൂർത്തിയുടെ പ്രതിഷ്ഠ. രണ്ടു കൈയും തുടയിൽ കുത്തി, ഇടതുകാൽ പടിഞ്ഞ്, വലതുകാൽ തൂക്കിയിട്ട് വീരാസനത്തിൽ നിവർന്നിരിക്കുന്ന രീതിയിലാണ് കിരാതമൂർത്തിയുടെ പ്രതിഷ്ഠാരൂപം. ദേവി ശ്രീപാർവ്വതിയും ഇടതുകാൽ പടിഞ്ഞ്, വലതുകാൽ തൂക്കിയിട്ട് വീരാസനത്തിൽ നിവർന്നിരിക്കുന്ന രീതിയിലാണ് കിരാതമൂർത്തിയുടെ പ്രതിഷ്ഠാരൂപം. ദേവി ശ്രീപാർവ്വതിയും ഇടതുകാൽ പടിഞ്ഞ്, വലതുകാൽ തൂക്കിയിട്ട്, വലതുകൈയിൽ താമരമൊട്ടുമേന്തി, ഇടതുകൈ ഇടത്തെ തുടയിൽ കുത്തിയും ഇരിക്കുന്ന മട്ടിലാണ്. ശ്രീ ബാലഗണപതി വലതുകൈയിൽ പഴവും ഇടതുകൈയിൽ കൊമ്പ് തലകീഴായും പിടിച്ചിരിക്കുന്നതായിട്ടാണ് പ്രതിഷ്ഠാ സ്വഭാവം. ശ്രീകോവിലിന്റെ തെക്കെ ഘനദ്വാരത്തിനു ചുവടെ ദക്ഷിണാമൂർത്തിയുടെയും പരിവാര ഗണപതിയുടെയും സാന്നധ്യവുമണ്ട്.

ഉത്തരപ്പുറം വ്യാസം 12 കോൽ 1 വിൽ 6 1/2 /യവം. ചുറ്റ് 39 കോൽ എന്ന കണക്കിലുള്ള ഇരുനില വട്ട ശ്രീകോവിൽ ക്ഷേത്രപ്രാധാന്യത്തിന് നിദർശനമാണ്. ശ്രീകോവിലിന് ആരൂഢഭിത്തി, ഗർഭഗൃഹഭിക്കിസ പ്രസാദ ഭിത്തി എന്നിങ്ങനെ മൂന്ന് ഭിത്തികളുണ്ട്. ഈ ഭിത്തികളിൽ പ്രത്യേകം പ്രത്യേകം വാതിലുകളും കാണാം. ഈ വാതിലുകളുടെ ഇരുവശങ്ങളിലും ഉപദ്വാരങ്ങളുണ്ട്. ശിവനും, പാർവ്വതിക്കും ഗണപതിക്കും നടകളായി മൂന്നുവിധം ഉൾഭിത്തികളും അവയ്ക്കെല്ലാം മൂന്നുവിതം വാതിലുകളുമായി ഒമ്പത് വാതിലുകളുണ്ട്. ഇവയിൽ മധ്യത്തിലുള്ള വാതിൽ മാത്രമേ സാധാരണ തുറക്കാറുള്ളൂ.

മുൻകാലങ്ങളിൽ ക്ഷേത്രത്തിൽ വെച്ച് സത്യം ചെയ്യുകയും മറ്റും പതിവുണ്ടായിരുന്ന സന്ദർഭങ്ങളിൽ മറ്റു വാതിലുകൾ തുറക്കാറുണ്ടായിരുന്നെത്ര.
നാലമ്പലത്തിനകത്ത് കന്നിമൂലയിലായി പ്രഭാസത്യകസാമേതനായ ശാസ്താവിന്റെ പ്രതിഷ്ഠയും നാലമ്പലത്തിനുപുറത്ത് തെക്കുകിഴക്കു മൂലയിലായി ശിവക്ഷേത്രത്തിനു തുല്യം പ്രാധാന്യം നൽകപ്പെട്ടുവരുന്ന ഗോശാലകൃഷ്ണന്റെയും മേടം രാശിയിൽ വേട്ടയ്ക്കൊരുമകന്റെ (പരദേവത)യും ശ്രോകോവിലുകളുമുണ്ട്. വേട്ടക്കൊരുമകന്റെ അർച്ചനോപാധി ശിലകൊണ്ടുള്ള ഒരു കണ്ണാടിയാണ്.

നിരാകാര പ്രതിഷ്ഠയും സാകാര പ്രതിഷ്ഠയുമുള്ള ക്ഷേത്രങ്ങൾ ദക്ഷിണേന്ത്യയിൽ തന്നെ അപൂർവ്വമാണെന്നാണ് ആചാര്യൻമാരുടെ അഭിപ്രായം.

ഇവിടെ പ്രധാന ശ്രീകോവിലിനു മുമ്പിലായി ഗംഭീരമായൊരു ബലിക്കൽപ്പുരയോടുകൂടിയ ബലിക്കല്ലുമുണ്ട്. നാലമ്പലത്തിനകത്ത് തെക്കും വടക്കുമായി രണ്ടു തിടപ്പള്ളികൾ ഉണ്ട്. എന്നാൽ ഒരു തിടപ്പള്ളി മാത്രമേ ഇപ്പോൾ ഉപയോഗത്തിലുള്ളൂ. കൂടാതെ, കൂത്തമ്പലം, ഊട്ടുപുര എന്നിവയും ക്ഷേത്രത്തോടനുബന്ധിച്ച് ഉണ്ടായിരുന്നതായി തെളിവുകളുണ്ട്. ഇതൊരു മഹാക്ഷേത്രമായിരുന്നുവെന്ന് അനുമാനിക്കാൻ ഇതെല്ലാം തന്നെ ധാരളമാണല്ലോ.

അത്യപൂർവ്വം എന്ന് വിശേഷിപ്പിക്കാവുന്ന മറ്റൊരു വിഗ്രഹോപാധി കൂടി ഈ ക്ഷേത്രത്തിലുണ്ട്. നാലമ്പത്തിന്റെ പുറത്ത് വടക്കേനടയുടെ കിഴക്കുമാറി സ്ത്രീരൂപത്തിലുള്ള ഒരു ശിലാപ്രതിമ കാണാം. ക്ഷേത്രപരിചാരികയായ പാലയക്ഷിയാണ് ഇതെന്ന് പഴമക്കാരിൽ നിന്ന് കേൾക്കുന്നു.

അകമഴിഞ്ഞ ഭക്തിയോടെ തന്നെതേടിയെത്തുന്ന ശരണാർത്ഥികൾക്ക് ഈശ്വരൻ അഭയദായകനാണ്. ഒരു പ്രദേശത്തിന്റെ മുഴുവനും ചൈതന്യമായി വിളങ്ങുന്ന ആതകശ്ശേരി ശ്രീ സദാശിവമൂർത്തി ക്ഷിപ്രസാദിയാണെന്നാണ് ഭക്തജനമതം.

ഒരു മീനച്ചൂടിൽ ക്ഷേത്രത്തിലെ ഓടുമേഞ്ഞ നമസ്കാര മണ്ഡപം അഗ്നിക്കിരയായി. എന്നാൽ തൊട്ടടുത്ത ഓലമേഞ്ഞ ശ്രീകോവിലിന് അഗ്നിജ്വാലകളേറ്റുവെങ്കിലും യാതൊരു പോറലും സംഭവിച്ചില്ല. ഇത് ഭഗവത് ചൈതന്യത്തിന്റെ പ്രഭാവം തന്നെയാകണം.

പിന്നീട് ശ്രീകോവിൽ ഓടുമേയുന്നതിന് പൊളിച്ചിട്ടസമയത്തും ഇതേ ഭഗവത് ചൈതന്യത്തിന്റെ പ്രഭാവം ഒരിക്കൽകൂടി സ്ഥലവാസികൾ നേരിട്ടനുഭവിക്കുകയുണ്ടായി. പെട്ടെന്ന് പെയ്ത ശക്തമായ മഴയിൽ പ്രദേശം മുഴുവൻ വെള്ളം കുത്തിയൊലിച്ചുവെങ്കിലും ശ്രീകോവിലിൽ മാത്രം ഒരു തുള്ളി വെള്ളംപോലും വീഴുകയുണ്ടായില്ല. അഗ്നിയെയും വരുണനെയും ഒരേപോലെ നിയന്ത്രിക്കാൻ കഴിവുള്ള ചൈതന്യമാണഅ ശ്രീകോവിലിൽ കുടികൊള്ളുന്നത് ഇതിൽപരം തെളിവുകളെന്തുവേണം!

## ഉപക്ഷേത്രങ്ങൾ

ആതകശ്ശേരി ശിവക്ഷേത്രസന്നിധിയിൽ നടത്തിയ ദേവ പ്രശ്നത്തിൽ ഈ പ്രദേശത്തുള്ള പല ക്ഷേത്രങ്ങളും ഇതിന്റെ ഉപക്ഷേത്രങ്ങളാണെന്നും ഇവയെല്ലാം അന്യോന്യം ബന്ധപ്പെട്ട് നിവേദ്യങ്ങൾ നടത്തിവരേണ്ടതാണെന്നും കാണാൻ കഴിഞ്ഞിട്ടുണ്ട്. തേവർ പള്ളിക്കൽ വിഷ്ണുക്ഷേത്രം, മരുതൂർ സുബ്രഹ്മണ്യ ക്ഷേത്രം, ചാലപ്പറ്റ ശിവക്ഷേത്രം, മണക്കുളങ്ങര ദേവീക്ഷേത്രം, തിരുവങ്ങൂർ നരസിംഹക്ഷേത്രം എന്നിവയെല്ലാം ഇതിന്റെ ഉപക്ഷേത്രങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

## ആരാധനാ രീതി

ക്ഷേത്രാരാധനയിലൂടെയാണ് മനുഷ്യജീവിതം ഉദാത്തവും ഉത്കൃഷ്ടവുമായിത്തീരുന്നത്. മനുഷ്യനെ സംബന്ധിച്ചിടത്തോളം സർവ്വസമർപ്പണം നടത്താനുള്ള കേന്ദ്രങ്ങളാണ് ക്ഷേത്രങ്ങൾ. നാം ആരാധനയ്ക്കായി ഒത്തൊരുമിക്കുന്നതും ക്ഷേത്രങ്ങളിലാണ്. സ്നാനം, ഭസ്മധാരണം, പ്രദക്ഷിണം ദർശനം, വന്ദനം, എന്നിവയാണ് ആരാധകന്റെ ഉപചാരങ്ങൾ.

ശരീരശുദ്ധി, വസ്ത്രശുദ്ധി, ആഹാരശുദ്ധി, മന:ശുദ്ധി, സംഭാഷണശുദ്ധി എന്നീ പഞ്ചശുദ്ധിയോടാവണം ക്ഷേത്രദർശനം. അതായത്, ബാഹ്യശുദ്ധിക്കുശേഷം മാത്രമേ ആദ്ധ്യാത്മിക കാര്യം ആരംഭിക്കാവൂ. ഇതിനുള്ള ആദ്യചടങ്ങാണ് സ്നാനം. ഉത്സവാനന്തരം ദേവൻ ആറാട്ടുനടത്തുന്ന ക്ഷേത്രക്കുളം പവിത്രമായ ഒരു തീർത്ഥമാണ്. അതിലാണ് ഭക്തൻമാർ ദേഹശുദ്ധി വരുത്തേണ്ടത്.

'ഗംഗേ ച യമുനേ ചൈവ
ഗോദാവരി സരസ്വതീ
നർമ്മദേ സിന്ധു കാവേരീ
ജലേസ്മിൻ സന്നിധം കുരു'

എന്നതാണ് സ്നാനം ചെയ്യുമ്പോൾ ജപിക്കേണ്ടുന്ന തീർത്ഥവാഹക മന്ത്രം.
ജല സ്നാനത്തിനുശേഷം നടക്കുന്ന ഒരു ആഗേനയ സ്നനാമാണ് ഭസ്മധാരണം

ഭസ്മധാരണത്തിനുശേഷം ദേവനെ കേന്ദ്രബിന്ദുവക്കി ക്ഷേത്രത്തെ വലംവെയ്ക്കുന്നതാണ് പ്രദക്ഷിണം. നാം പ്രദക്ഷിണ വെക്കുന്നത് ലോകപാല പ്രതിഷ്ഠ നടത്തിയിട്ടുള്ള അന്തർ മണ്ഡലത്തെയാണ്.

സർവ്വഭയങ്ങളെയും നശിപ്പിക്കുന്ന 'പ്ര' എന്ന അക്ഷരവും മോക്ഷദായകമായ 'ദ' എന്ന അക്ഷരവും രോഗനാശകമായ 'ക്ഷി' എന്ന അക്ഷരവും ഐശ്വര്യപ്രദമായ 'ണ' എന്ന അക്ഷരവും കൂടിച്ചേർന്നുണ്ടായ പദമത്രേ പ്രദക്ഷിണം.

ഹൃദയത്തെ ഒരു താമപ്പൂവായും പഞ്ചേന്ദ്രിയങ്ങളേയും പഞ്ചഭൂതങ്ങളേയും രണ്ടു കൈകളായും വിഭാവനം ചെയ്ത്, ഇരുകൈകളും നെഞ്ചോടു ചേർത്ത് ഒരു താമര മൊട്ടുപോലെ കൂപ്പിക്കൊണ്ടും അതാതു ദേവന്റെ സ്ത്രോത്രങ്ങൾ ഉരുവിട്ടുകൊണ്ടും ദേവന്റെ രൂപം മനസ്സിൽ ധ്യാനിച്ചുകൊണ്ടുമാകണം പ്രദക്ഷിണം ചെയ്യേണ്ടത്. അതാകട്ടെ, പൂർണ്ണ ഗർഭിണിയായ സ്ത്രീ ശിരസ്സിൽ സ്നേഹപൂർണ്ണ കുംഭവുമായി എപ്രകാരമാണോ നടക്കുന്നത്, അപ്രകാരം ഏകാഗ്രതയോടും ശ്രദ്ധയോടും ഭക്തിയോടും കൂടിയായിരിക്കണം.

പ്രദക്ഷിണത്തിനു ശേഷം നടക്കൽ എത്തിയാൽ ഭക്തന്മാർ ഈശ്വരദർശനം നേടുന്നു. അതൊടൊപ്പം നടക്കേണ്ടതാണ് വന്ദനവും.

കൈത്തലങ്ങൾ ചേർത്ത് ഒരു താമരമൊട്ടിന്റെ ആകൃതിയിൽ ദേഹമധ്യത്തിൽ ഹൃദയത്തിൽ ഹൃദയത്തിനോടടുത്തോ, തലമുകളിലോ, പിടിച്ചായിരിക്കണം വന്ദനം. തികഞ്ഞ അദ്വൈതഭാവമായിരിക്കണം, 'അഥവാ ഞാനും നീയും ഒന്ന്' വന്ദന സമയത്ത് ഉണ്ടാകേണ്ടത്. ഈശ്വരനെ തൊഴുമ്പോഴെല്ലാം സ്ഫുരിക്കേണ്ട ഭാവവും ഇതുതന്നെയാണ്. വന്ദനം കഴിഞ്ഞാൽ നാം നമസ്കരിക്കണം. ദേഹം മുഴുവനും ഒരു ദണ്ഡം പോലെ നിലംപതിച്ച് ചെയ്യുന്ന നമസ്കാരത്തെ സാഷ്ടാംഗപ്രണാമം എന്നു പറയും. നെഞ്ച്, ശിരസ്സ്, വാക്ക്, മനസ്സ്, അഞ്ജലി, കണ്ണുകൾ, മുട്ടുകൾ, പാദങ്ങൾ എന്നീ എട്ടു അവയവങ്ങളും നമസ്കാരസമയത്ത് ഭൂമിയിൽ സ്പർശിക്കണം എന്നർത്ഥം. സ്ത്രീകൾക്ക് പഞ്ചാംഗനമസ്കാരം മതി.

ശ്രീ ആതകശ്ശേരി ക്ഷേത്രത്തിന്റെ ദർശനം കിഴക്കോട്ടാണ്. ക്ഷേത്രത്തിന്റെ തീർത്ഥക്കുളത്തിലിറങ്ങി ശരീരശുദ്ധീവരുത്തിവേണം ആരാധനയ്ക്കുള്ള എതൊരു ഭക്തന്റെയും ആഗമനം. തുടർന്ന് സദാശിവനെ മനസാ ധ്യാനിച്ചുകൊണ്ട് 'ഓം നമ: ശിവായ' എന്ന പഞ്ചാക്ഷരീമന്ത്രം ഉരുക്കഴിച്ചുകൊണ്ടിരിക്കണം. ഇപ്രകാരം ക്ഷേത്ര ത്തിനു മുന്നിലെ കിഴക്കുഭാഗത്തുള്ള പ്രധാന കവാടത്തിലൂടെ അകത്ത് പ്രവേശിച്ച് നമ സ്കാര മണ്ഡപത്തിന്റെ തെക്കഭാഗത്തുകൂടെ ദേവന്റെ തിരുമുമ്പിലെത്തി നമസ്കരിക്ക ണം. തുടർന്നാണ് പ്രദക്ഷിണം. ബലിക്കല്ലിന് പുറത്ത് കൂടെയാണ് പ്രദക്ഷിണം വെക്കെ ണ്ടത്. ബലിക്കല്ലിന് പുറത്തുകൂടിയാണ് പ്രദക്ഷിണം വെയ്ക്കേണ്ടത്. പ്രദക്ഷിണത്തിനിട യിൽ ശ്രീകോവിലിന്റെ തെക്കെ ഘനദ്വാരത്തിന് സമീപത്തുള്ള ഗണപതി, ദക്ഷിണാ മൂർത്തി, എന്നീ ദേവതകളെയും നാലമ്പത്തിനകത്ത് പ്രത്യേക ക്ഷേത്രത്തിൽ കുടികൊ ള്ളുന്ന ശ്രീ അയ്യപ്പനേയും വന്ദിച്ച ശേഷം ശ്രീകോവിലിന്റെ വടക്കുഭാഗത്തുള്ള അഭിഷേ കജലം ഒഴുകിപ്പോകുന്ന ഓവു വരെയുള്ള മുക്കാൽ ഭാഗം വലം വെക്കണം. അവിടെ താഴികക്കും നോക്കി വന്ദിക്കണം. അതിനു ശേഷമേ നടയിൽ തൊഴാൻ പാടുള്ളൂ.

ശ്രീകോവിലിന് തെക്കുഭാഗത്തുള്ള ബലിക്കല്ലിന് തൊട്ടടുത്ത് ഒമ്പത് ചെറിയ ബലി ക്കല്ലുകളെ അടുത്തടുത്ത് സ്ഥാപിച്ചതായി കാണാൻ സാധിക്കും. അത് നവഗ്രഹങ്ങളല്ല. ബ്രാഹ്മ, മാഹേശ്വരി, കൗമാരി, വൈഷ്ണവി, ചാമുണ്ഢി, ഇന്ദ്രാണി, വാരാഹി എന്നീ 'സപ്തമാതൃക്കളും' ഗണപതിയും വീരഭദ്രനുമാണ്. അവ സാധാരണ ബലിക്കല്ലുകളുമാ ണ്. ബലിക്കല്ലുകൾ തൊഴുകയോ പ്രദക്ഷിണം വെക്കുകയോ ചെയ്യരുത്.

പ്രദക്ഷിണം പൂർത്തിയാക്കി വണങ്ങുന്നതോടെ ഓരോ ഭക്തനും യഥാശക്തി ഭഗ വദ് സന്നിധിയിൽ കാണിക്കയർപ്പിക്കണം. അവിടെ നിന്ന് തീർത്ഥവും പ്രസാദവും ഏറ്റു വാങ്ങി പുറമെയത്തി പുറം ചുറ്റുമതിലിനുള്ളിലെ ഗോശാലകൃഷ്ണനെ വണങ്ങിയ ശേഷം ഗോശാലകൃഷ്ണന്റെ ശ്രീകോവിലും, നാലമ്പലവും പ്രദക്ഷിണം ചെയ്ത് പരദേ വതയെ (വേട്ടക്കൊരുമകൻ) വന്ദിക്കണം.

രാവിലെ നടത്തുന്ന പ്രദഗക്ഷിണം രോഗശാന്തിക്കും ഉച്ചയ്ക്ക് നടത്തുന്ന പ്രദ ക്ഷിണം രോഗശാന്തിക്കും വൈകുന്നേരത്തെ പ്രദക്ഷിണം പാപമോചനത്തിനും രാത്രി യിലെ പ്രദക്ഷിണം മുക്തിക്കും കാരോണമാകുമത്രേ.

## വഴിപാടുകൾ

ക്ഷേത്രത്തിൽ അഭീഷ്ടസിദ്ധികൾക്കു വേണ്ടി നടത്തുന്നവയാണ് വഴിപാടുകൾ, ഒഴി ഞ്ഞ കൈകളുമായി രാജാവിനെയോ, ദേവനെയോ, ഗുരുവിനെയോ കാണാൻ പോകരു തെന്ന് പ്രമാണ. ഗുരദക്ഷിണയെന്നപോലെയാണ് ദേവന് വഴിപാടും. നമസ്കാരത്തിന് ശേഷം ക്ഷേത്രത്തിൽ ചെയ്യേണ്ട് ഉപചാരമായ ഈ കർമ്മം ആരാധനയുടെ അംഗമായ ഒരു പൂജാംഗം തന്നെയാണ്. ഭക്തനെ, പൂജയിൽ ഭാഗികമായോ, സമഗ്രമായോ ഭാഗഭാഗ ക്കുകയാണ് വഴിപാടുകളുടെ ഉദ്ദേശ്യം.

ഈ ക്ഷേത്രത്തിലെ പ്രധാന വഴിപാടുകളും അവയുടെ ഫലസിദ്ധിയും അന്യത്ര കൊടുത്തിരിക്കുന്നു.

കൂടാതെ വിവാഹം, വിദ്യാരംഭം, ചോറൂണ്, കെട്ടുനിറ തുടങ്ങിയ മംഗളകർമ്മങ്ങൾ നടത്തുന്നതിനുള്ള കേന്ദ്രമായും ഈ ക്ഷേത്രം പണ്ടുപണ്ടേ കേൾവിപ്പെട്ടതാണ്.

## ക്ഷേത്രോത്സവം

ക്ഷേത്രങ്ങൾ ഉത്സവങ്ങൾക്കുള്ള പ്രാധാന്യം വളരെ വലുതാണ്. ഊ ഉർദ്ധ്വഭാഗത്തേക്കുള്ള ഒഴുക്ക് എന്നാണ് ഉത്സവത്തിന്റെ അർത്ഥം ശരിയായി പ്രതഷ്ഠാകർമ്മം നിർവ്വഹിക്കുകയും നിത്യപൂജാദികൾ കൊണ്ട് സമ്പുഷ്ടമാക്കുകയും ചെയ്യുന്ന ഒരു ക്ഷേത്രത്തിൽ ദേവചൈതന്യം നിറഞ്ഞിരിക്കും. ഈ ചൈതന്യത്തിന് എങ്ങനെയെങ്കിലും കുറവു സംഭവിച്ചാൽ അത് നികത്തുവാനായിട്ടാണ് ഉത്സവം എന്ന ചടങ്ങ് നടത്തപ്പെടുന്നതത്രേ. കൊടിമരത്തിൽ കൊടി കയറുന്നതോടെയാണ് ഉത്സവത്തിന്റെ ആരംഭം.

സാധാരണഗതിയിൽ ക്ഷേത്രമതിലിനുള്ളിൽ ഒതുങ്ങി നിൽക്കുന്ന ക്ഷേത്രചൈതന്യം ഉത്സവാവസാനത്തിൽ ദേവൻ പുറത്തേക്കെഴുന്നള്ളുമ്പോൾ സമീപ പ്രദേശങ്ങളിലേക്കും വ്യാപിക്കും. അപ്പോൾ, പുറമേ തങ്ങിനിൽക്കുന്ന മൃഗീയവാസനകൾ മരണമടയും. അതാണത്രെ ഉത്സവാവസാനത്തിൽ നടക്കുന്ന പള്ളിവേട്ടയുടെ സങ്കൽപം. ഉത്സവാനന്തരം കവിഞ്ഞൊഴുകുന്ന ഈ ദേവചൈതന്യത്തിൽ ഭാഗഭാഗാക്കുവാനാണ് വിദൂര പ്രദേശങ്ങളിൽ നിന്നുപോലും ആളുകൾ ക്ഷേത്രപരിസരങ്ങളിൽ എത്തിച്ചേരുന്നത്. ക്ഷേത്രപരിസരത്ത് തങ്ങിനിൽക്കുനന ഈ ചൈതന്യം, ക്ഷേത്രത്തിൽ നിന്ന് ഭക്തൻമാർ ഭക്തിപൂർണ്ണമായ ഹൃദയോത്തോടെ പ്രാർത്ഥിക്കുമ്പോൾ, അവരുടെ ദേഹങ്ങളിൽ വ്യാപിച്ച് ഉറങ്ങിക്കിടക്കുന്ന ഈശ്വരചൈതന്യത്തെ ഉണർത്തുമത്രേ.

ആതകശ്ശേരി ക്ഷേത്രത്തിലെ സുപ്രധാനമായ ഉത്സവം ശിവരാത്രിയാണ്. കുംഭമാസത്തിൽ അനുഷ്ഠിക്കപ്പെടുന്ന ഒരു പുണ്യദിനമാണ് ശിവരാത്രി. ഈ ദിവസം രാത്രിയിൽ വ്രതം ധരിച്ച് ഉറങ്ങാതിരുന്ന് എല്ലാ ഭക്തരും ഉപവാസം അനുഷ്ഠിക്കണം. ചതുർദ്ദശയിങ്കൽ ആഹാരം കഴിക്കാതിരുന്ന് രാത്രിയിൽ ഉറക്കമിളച്ച് വ്രതധാരികളായി ശിവനെ പൂജിക്കുകയാണ് ശിവരാത്രിയിൽ ചെയ്യേണ്ടകർമ്മം.

## ശിവരാത്രി ഐതിഹ്യം

ശിവരാത്രി അനുഷ്ഠാനത്തിന്റെ ഐതിഹ്യത്തെക്കുറിച്ച് ശിവപുരാണത്തിൽ കാണുന്നതിങ്ങനെയാണ്.

ത്രിമൂർത്തികളിൽ സ്ഥിതിപാലകനായ മഹാവിഷ്ണുവിന്റെ നാഭിയിൽ നിന്നും മുളച്ചുവന്ന താമരപ്പൂവണല്ലോ ബ്രഹ്മാവിന്റെ ഇരിപ്പിടം നളിനോത്ഭവനായ് ബ്രഹ്മാവിന്, വിശാലമയാ ജലപ്പരപ്പിൽ കടി സഞ്ചരിക്കുക നിമിത്തം മഹാവിഷ്ണുവിനെ മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. ഒരിക്കൽ മഹാവിഷ്ണുവിനോട് 'നീ ആരാണ്' ആരാണ് എന്ന് ബ്രഹ്മാവ് ചോദിച്ചു. ഞാൻ നിന്റെ പിതാവായ വിഷ്ണുവാണ്.' എന്ന് വിഷ്ണു മറുപടി നൽകി. ആ മറുപടി ബ്രാഹാമവിന് അത്രമാത്രം തൃപ്തികരമായി തോന്നിയില്ല. അവർ തമ്മിൽ വാഗ്ദാനവും വഴക്കുമായി. ഒടുവിൽ അത് ചെന്നവസാനിച്ചത് ഒരു യുദ്ധത്തിലാണ്. യുദ്ധവിജയം മാത്രം ലക്ഷ്യമാക്കി ബ്രഹ്മാവ് ബ്രഹ്മാസ്ത്രം പ്രയോഗിച്ചു. അതിനെതിരായി വിഷ്ണുവാകട്ടെ പാശുപതാസ്ത്രം പ്രയോഗിച്ചു. പാശുപതം സൂര്യപ്രഭയാർന്നതും കാലാനല സമവുമാണ്. ആ ശരമേറ്റൽ സർവ്വലോകവും ഭസ്മമായിപ്പോകും. ബ്രഹ്മാസ്ത്രമോ, അഗ്നേയാസ്ത്രമോ, വരുണാസ്ത്രമോ ഇതിനോട് കിടനിൽക്കുകയില്ല. ബ്രഹ്മാസ്ത്രത്തിനെതിരായി വിഷ്ണു പ്രയോഗിച്ച പാശുപതാസ്ത്രം ലോകം മുഴുവൻ ചുറ്റിനടക്കാൻ തുടങ്ങി. ഏവർക്കും പരിഭ്രാന്ത്രിയായി. കാരണം മറ്റൊന്നുമല്ല. അത് ഉപസംഹരിക്കാൻ ബ്രഹ്മാസ്ത്രമോ, ആഗ്നേയാസ്ത്രമോ, വരുണാസ്ത്രമോ ഇതിനോട് കിട

നിൽക്കുകയില്ല. ബ്രഹ്മാസ്ത്രത്തിനെതിരായി വിഷ്ണു പ്രയോഗിച്ച പാശുപതാസ്ത്രം ലോകം മുഴുവൻ ചുററിനടക്കാൻ തുടങ്ങി. ഏവർക്കും പരിഭ്രാന്തയായി. കാരണം മറ്റൊന്നുമല്ല. അത് ഉപസംഹരിക്കാൻ ബ്രഹ്മാവിനോ, മഹാവിഷ്ണുവിനോ കഴിഞ്ഞില്ല. എന്തു ചെയ്യണമെന്നറിയാതെ രണ്ടുപേർക്കും പകച്ചു നിൽക്കാനേ കഴിഞ്ഞുള്ളൂ.

ആ സമയത്ത് അവരുടെ മദ്ധ്യത്തിൽ ഒരു ശിവലിംഗം ഉയർന്നു വന്നു. അതിന്റെ മേലഗ്രവും കീഴഗ്രവും തികച്ചും അദൃശ്യമായിരുന്നു. അഗ്രങ്ങൾ രണ്ടു കണ്ടുപിടിക്കുന്നതിനായി ബ്രഹ്മാവ് മേൽപ്പോട്ടും വിഷ്ണു കീഴ്പ്പോട്ടും സഞ്ചരിച്ചു. വളരെ ദൂരം സഞ്ചരിച്ചു. വളരെ ദൂരം സഞ്ചരിച്ചിട്ടും അവരുടെ ശ്രമം  വിഫലമായി. അഗ്രങ്ങൾ കണ്ടുപിടിക്കുന്നതിന് രമ്ടു പേർക്കും കഴിഞ്ഞില്ല. അങ്ങനേ ഭഗ്നാശരായി നിൽക്കവേ, ശിവൻ അവരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു നിഷ്പ്രയാസം പാശുപതാസ്ത്രത്തെ ഉപസംഹരിക്കുകയുണ്ടായത്രെ.

ശിവൻ പ്രത്യക്ഷപ്പെട്ടത് മാഘമാസത്തിൽ കറുത്ത പക്ഷത്തിലെ ചതുർദ്ദശി രാത്രിയിലായിരുന്നു. മേലിൽ എല്ലാ വർഷവും പ്രസ്തുത രാത്രി ഒരു വ്രതമായി അനുഷ്ഠിക്കണമെന്നും അതിന് ശിവരാത്രിവ്രതം എന്ന് പേരായിരിക്കുമെന്നും ശിവൻ അരുളച്ചെയ്തുവത്രേ.

ശിവരാത്രിയുടെ ഉദ്ഭാവത്തെക്കുറിച്ച് മറ്റൊരു ഐതിഹ്യം കേൾക്കുന്നത് പാലാഴി മഥനവുമായി ബന്ധപ്പെട്ടാണ്.

ദുർവ്വാസാവ് മഹർഷിയുടെ ശാപം കാരണം ദേവൻമാർക്ക് ജരാനരകളുണ്ടായി. ദേവലോകത്തിന്റെ ഐശ്വര്യം നഷ്ടപ്പെട്ടു. ഇതന് പരിഹാരം തേടിയെത്തിയ ദേവൻമാരോട്, പാൽക്കടൽ കടഞ്ഞ് കിട്ടുന്ന അമൃത് ഭക്ഷിക്കാനായി മഹാവിഷ്ണു ഉപദേശിച്ചു. മന്ദര പർവ്വതത്തെ കടയോലായും വാസുകി എന്ന സർപ്പത്തെ കയറാക്കിയും അവർ പാലാഴി കടയാൻ തുടങ്ങി. മഥനം മൂർഛിച്ചപ്പോൾ ശരീരമുടഞ്ഞ് ക്ഷീണിച്ച വാസുകിയുടെ വായിൽ നിന്നും കാലകൂടവിഷം പുറത്തുവന്നു. ലേകത്തെപ്പോവും നശിപ്പിക്കാൻ പോന്ന ആ വിഷം കണ്ട് എല്ലാവരും ഭയന്നു. സാക്ഷാൽ മഹാവിഷ്ണു പോലും നിസ്സഹായനായി. ലോകം നശിക്കുമെ്ന ഘട്ടമെത്തിയപ്പോൾ ശിവൻ പ്രത്യക്ഷപ്പെട്ട് കാളകൂടം ഭക്ഷിക്കാനൊരുങ്ങി. അതുകൊണ്ട് ഭയന്ന പാർവ്വതി വിഷം ഉള്ളിലിറങ്ങാതിരിക്കാൻ വേണ്ടി ശവിന്റെ കഴുത്തിൽ അമർത്തിപ്പിടിച്ചു. വിഷം തിരികെ പുറത്തേക്കുവരാതിരിക്കാൻ വിഷ്ണു വായും പൊത്തി. വിഷം തൊണ്ടിയിൽ കുടുങ്ങിയതുകാരണം അദ്ദേഹം നീലകണ്ഠനായി.

വിശ്വരക്ഷക്കായി വിഷ്ണു ശിവന്റെ വായ പൊത്തിപ്പിടിച്ചും ശിവരക്ഷക്കായി പാർവ്വതി പതിയുടെ കണ്ഠമമർത്തിപ്പിടിച്ചും ആ രാത്രി മുഴുവനും ഉറക്കമിളച്ചു കഴിഞ്ഞു. ഒരു മാഘമാസത്തിലെ ചതുർദ്ദശിദിനത്തിലുണ്ടായ ഈ സംഭവത്തിന്റെ ഓർമ്മയാണത്രെ ശിവരാത്രി.

ശിവരാത്രീവ്രത മഹാത്മ്യം

തികഞ്ഞ ഭക്തിയോടെ ശിവരാത്രീവ്രതം അനുഷ്ഠിക്കുന്നവർക്ക് ഭഗവാൻ സകല കാമങ്ങളെയും പ്രദാനം ചെയ്യും. നിദ്രാവിഹീനരായ ആരാത്രി മുഴുവനും ശിവാരാധനയിൽ മുഴുകന്നവരിൽ ശിവൻ പ്രസന്നനാകുമെന്നും മാത്രമല്ല, ഭക്തിമുക്തിപ്രദനായും ഭവിക്കും.

ശിവരാത്രി വ്രതത്തിന്റെ  മഹാത്മ്യം വ്യക്തമാക്കുന്ന ഒരു കഥ ഗരുഡപുരാണത്തിൽ ഇങ്ങനെ വിവരിക്കുന്നുണ്ട്.

ക്രൂരനും പാപിയുമായി അംബുദം എന്ന പ്രദേശത്തെ നിഷാദ രാജാവ് വേട്ടയാടാനായി വനത്തിലെത്തി. അന്ന് അയാൾക്ക് ഒരു മൃഗത്തെപ്പോലും വേട്ടായാടാൻ സാധിച്ചില്ല. ശ്രമങ്ങളെല്ലാം വിഫലമായി. വിശപ്പും ദാഹവും മൂലം അയാൾ അത്യന്തം ക്ഷീണിതനായി. ആ രാത്രി മുഴുവനും ഒരു പർവ്വതത്തിലെ തടാകത്തിന്റെ കരിയിലുള്ള നികുഞ്ജത്തിൽ കഴിച്ചുകൂട്ടി.

അവിടെ ഒരു ശിവലിംഗമുണ്ടായിരുന്നത് ആ നിഷാദരാജാവിന്റെ ശ്രദ്ധയിൽ പെട്ടില്ല. സ്വന്തം ശരീരംമാത്രം സംരക്ഷിച്ചുകൊണ്ട്, നിദ്രയും ഭക്ഷണവുമില്ലാതെ ജാഗരൂകനായിരുന്നു അദ്ദേഹം. അയാളുടെ ദേഹത്തും ശിരസ്സിലും ഇലകൾ പൊഴിഞ്ഞുവീണുകൊണ്ടിരുന്നു. ശരീരത്തിൽ ഒട്ടിച്ചേർന്ന അഴുക്കും പൊടിയും കളയുന്നതിന് വേണ്ടി അവിടെ ജലം തളിച്ച് ശുചിയാക്കിയപ്പോൾ ആ ശിവലിംഗത്തിലും ജലം അറിയാതെ വീണു.

ആ സമയത്ത്, അയാളുടെ കൈയ്യിൽ നിന്നും ഒരു ശരം അറിയാതെ നിലത്തുവീണു. അതെടുക്കുന്നതിനുവേണ്ടി മുട്ടുകുത്തിനിന്ന് ശ്രമിച്ചപ്പോൾ അറിയാതെ അയാളുകെ കൈകൾ ശിവലിംഗത്തിൽ സ്പർശിച്ചുപോയി. അറിയാതെയാണെങ്കിലും രാജാവിന് ശിവപൂജ ചെയ്യാൻ വേണ്ടുന്ന സ്നാനവും സ്പർശനവും പൂജയും ജാഗരണവും ഉണ്ടായി.

പിറ്റേദിവസം പ്രഭാതത്തിൽ അയാൾ സ്വഗൃഹത്തിലെത്തിച്ചേർന്നു. അയാളുടെ മരണസമയമടുത്തപ്പോൾ യമൂദതൻമാർ വന്ന് അദ്ദേഹത്തെ കയർകൊണ്ട് ബന്ധിച്ചുകൊണ്ടുപോയി. വഴിമദ്ധ്യേ, ശിവന്റെ ഭൂതഗണങ്ങൾ പ്രത്യക്ഷപ്പെട്ടു, യമദൂതന്മാരുമായി യുദ്ധം നടത്തി. അവരെ നിശ്ശേഷം പരാജയപ്പെടുത്തിയശേഷം നിഷാദരാജാവിനെ ശിവന്റെ അരികിലെത്തിച്ചു. ശിവഭഗവാൻ ആ നിഷാദരാജാവിനെ തന്റെ ഭൂതഗണങ്ങളിലൊന്നാക്കി അനുഗ്രഹിച്ചു.

അറിയാതെ ചെയ്തുപോയ പുണ്യകർമ്മത്തിനുള്ള ഫലസിദ്ധി ഇതാണെങ്കിൽ ബോധപൂർവ്വം ചതുർദ്ദശി വ്രതവും പൂജയും ജാഗരണവും അനുഷ്ഠിക്കുന്നതിന്റെ ഫലം അക്ഷയപുണ്യം തന്നെയാകുമല്ലോ!

## തൊഴിൽക്കൂട്ടായ്മ

ആതകശ്ശേരി ശിവക്ഷേത്രവുമായി ബന്ധപ്പെട്ട് സമ്പന്നമായൊരു തൊഴിൽക്കൂട്ടായ്മയുടെ ചരിത്രവും കണ്ടെത്താൻ കഴിയും. ഉന്നതമായൊരു ഗ്രാമസംസ്കാരം അവകാശപ്പെടാവുന്ന ഈ പ്രദേശത്ത്, ക്ഷേത്ര പരിപാലനത്തോടനുബന്ധിച്ച് വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർ ക്ഷേത്രത്തിന് പരസരത്തായിത്തന്നെ വസിച്ചിരുന്നതിന് തെളിവുകളേറെയുണ്ട്. മഠം, പൂമഠം, മാരാർകണ്ടി, ആശാരികണ്ടി, വാര്യാർവീട്, മുത്താശികണ്ടി, ചെമ്പകശ്ശേരി, പുതിയേടത്ത്, നമ്പ്യാലപ്പുറത്ത് തുടങ്ങിയ എത്രയോ പേരുകളിൽ ഇന്നും അറിയപ്പടുന്ന വീട്ടുപറമ്പുകൾ ഇവിടെയുണ്ട്. ഏതു ക്ഷേത്രത്തിനും ഒരു തൊഴിൽക്കൂട്ടായ്മയുടെ ചരിത്രവും അവകാശപ്പെടാനുണ്ടാവും. ക്ഷേത്രപ്രവർത്തകർക്കും മറ്റുതൊഴിലുകൾ ചെയ്തിരുന്നവർക്കും മുമ്പുണ്ടായിരുന്ന സ്ഥാനമാനങ്ങളും സുരക്ഷിതത്വവും ഇതിൽ നിന്നും അനുമാനിക്കാവുന്നതേയുള്ളൂ.

## ആൽത്തറയും ക്ഷേത്രക്കുളവും

ആൽത്തറകളുടെ മാഹാത്മ്യത്തെക്കുറിച്ച് പ്രൊഫ. കെ.എം. പ്രിയർശൻലാൽ അഭിപ്രായപ്പെടുന്നതിങ്ങനെയാണ്.

ക്ഷേത്രങ്ങൾക്ക് ആൽത്തറകളുമായുള്ള ബന്ധം അവിച്ഛേദ്യമാണ്. ആൽത്തറകളില്ലാത്ത ക്ഷേത്രങ്ങളുടെ ചരിത്രം അപൂർണ്ണവുമാണ്. ശ്രീ. ആതകശ്ശേരി ക്ഷേത്രത്തിനുമുന്നിൽ ഏകദേശം നൂറ് മീറ്റർ കിഴക്കായി കരിങ്കല്ലിൽ കെട്ടിപ്പടുത്തുയർത്തിയ വലിയൊരു ആർത്തറയുണ്ട്. ഈ ക്ഷേത്രസങ്കേതത്തിന്റെ വിസ്തൃതിയെക്കുറിച്ച് അനുമാനിക്കാൻ ഇത് സഹായകമാണ്. മുമ്പ് ഗംഭീരമായി ഉത്സവങ്ങളും മറ്റും നടന്നതായി പറയപ്പെടുന്ന ഈ ക്ഷേത്രത്തിലേക്കുള്ള എഴുന്നള്ളത്തുകളും താലപ്പൊലിവരവും മറ്റും ആരംഭിച്ചത് ഈ ആൽത്തറയിൽ നിന്നായിരിക്കണം. ക്ഷേത്രിച്ചടങ്ങുകളുമായി ബന്ധമുള്ള ഈ ആൽത്തര ദേവസ്ഥാനമായിത്തന്നെ കരുതപ്പെടുന്നു.

സമ്പന്നമായൊരു ഗ്രമാസംസ്കാരം നിലനിന്നതായി കരുതപ്പെടുന്ന ഉള്ളിയേരിയിൽ പടക്കൂട്ടവും ഇന്നത്തെ ഗ്രാമസഭകളെ അനുസ്മരിപ്പിക്കുന്ന നാട്ടുകൂട്ടവും പണ്ട് ചേർന്നിരുന്നത് ഈ ആർത്തറയിൽ വെച്ചായിരിക്കണം. കരനാഥന്റെ അദ്ധ്യക്ഷതയിൽ സ്ത്രീപുരഷഭേദമെന്യെ സകല ജനവിഭാഗങ്ങളും ഈ പ്രത്യേകവേദിയിൽ ഒത്തുചേരും.

ഗ്രാമത്തിലെ സ്വയം പരിഹരിക്കേണ്ട പ്രശ്നങ്ങളെല്ലാം സഭ തന്നെ പരിഹരിക്കുന്നതും അതിന്റെ പ്രവർത്തനരീതിയായിരുന്നു. രാജകീയസന്ദേശങ്ങൾ വിളമ്പരം ചെയ്യുന്നതും ഈ ആർത്തറയിൽ വെച്ചായിരിക്കണം.

ക്ഷേത്രോത്സവവുമായും ആർത്തറയ്ക്ക് അനിഷേധ്യ ബന്ധമുള്ളതായികാണാം. മഹാക്ഷേത്രങ്ങളിൽ സാധാരണ ഉത്സവാരംഭത്തിനുമുമ്പ് പള്ളിവേട്ട, ഗ്രാമബലി മുതലായ പതിവുണ്ട്. ആ സമയത്ത് പള്ളിവേട്ടയ്ക്കെഴുന്നള്ളിച്ചശേഷം ആൽത്തരയിൽ പൈക്കാണമണ്ഡപത്തിലെഴുന്നള്ളിച്ച് ദേവനെ ആരാധിക്കാറുണ്ട്. എല്ലാം കൂടി നോക്കുമ്പോൾ ആൽത്തറയുടെ മഹത്വം പ്രത്യേകം ശ്രദ്ധാർഹമാണ്.

ഈ ആൽത്തറയുടെ തൊട്ടുമുന്നിലാണ് ക്ഷേത്രക്കുളം. ശിവൻ തൃക്കൈ ചൂണ്ടി കാണിച്ചുതന്ന തൃക്കൈക്കുന്നിൽ നിന്നും ശിവനോടൊപ്പം ബന്ധപ്പെട്ട പവിത്രമായ ഗംഗാനദി ഒരുചോല രൂപേണ പുറപ്പെട്ട് ഈ തടാകത്തിൽ ലയിക്കുന്നുണ്ടത്രേ.

ഏത് കടുത്തവരൾച്ചയിലും ഈ ക്ഷേത്രക്കുളത്തിലെ ജലം വറ്റാറില്ല. ഈ ഗ്രാമത്തിലെ ഒരു വലിയ ജലസംഭരണിയായിത്തന്നെ ഇന്നും നിലനിൽക്കുന്ന ഈ ജലാശയം കാണുമ്പോൾ, ഒരു വിശുദ്ധക്ഷേത്രത്തിന്റെ സാമീപ്യം ഏതൊരാൾക്കും അനുഭവപ്പെടും.

വർ ഭാരവാഹികളായി 51 അംഗ കമ്മറ്റി രൂപീകൃതമായിതോടെ ക്ഷേത്രം, ക്ഷേത്രമുറ്റം, നട, ആൽത്തറ, ക്ഷേത്രക്കുളം തുടങ്ങിയവയെല്ലാം ജനകീയ സമതിയുടെ ഭരണത്തിലായി. നിത്യ നിദാന കാര്യങ്ങൾക്ക് ബുദ്ധിമുട്ടനുഭവിച്ചിരുന്ന ഈ ക്ഷേത്രിത്തിൽ നിത്യശാന്തിയെ ഏർപ്പെടുത്തിയതും, ആവശ്യം വേണ്ടതായ നവീകരണ പ്രവർത്തനങ്ങൾ നടത്തിയതും ഈ സമിതിയാണ്.

## ക്ഷേത്ര നവീകരണ പ്രവർത്തനങ്ങൾ

ജനകീയ സമിതി രുപമെടുക്കുന്നതിന് മുമ്പ് തന്നെ ഗോശാലകൃഷ്ണന്റെ ശ്രീകോവിലിന്റെ നവീകരണവും ബലിക്കൽപുരയുടെ നിർമ്മാണവും ചില ഭക്തന്മാർ വഴിപാടായി നിർവ്വഹിച്ചിരുന്നു. ശ്രീകോവിലിൽ ഓടുമേഞ്ഞതും, കത്തിനശിച്ചിരുന്ന നമസ്കാര മണ്ഡപം പുതുക്കിപ്പണിതതും ജനകീയ സമിതിയുടെ ശ്രമഫലമായാണ്. ക്ഷേത്രിത്തിലെ ഉത്സവാദികാര്യങ്ങളും പൂർവ്വാധികം ഭംഗിയായി നടത്തുന്നുണ്ട്.

1994ൽ പ്രസിദ്ധ ജോതിഷ പണ്ഡിതനായ ശ്രീ. അരീക്കുളങ്ങര സോമൻ പണിക്കരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട അഷ്ടമംഗല പ്രശ്നത്തിൽ ഇനിയും ഒരുപാട് പ്രവൃത്തികൾ ക്ഷേത്രനവീകരണത്തിന്റെ പൂർത്തീകരണത്തിനായി ചെയ്യേണ്ടതായിട്ടാണ് കാണപ്പെട്ടത്. തച്ചുശാസ്ത്ര– താന്ത്രികാചാര്യൻ ബ്രഹ്മശ്രീ. വേഴപ്പറമ്പ് പരമേശ്വരൻ നമ്പൂതിരിപ്പാട് ഇതുമായി ബന്ധപ്പെട്ട് അനേകം നിർമ്മാണ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുകയുണ്ടായി. സ്വർണ്ണ പ്രശ്നത്തിൽ നിർദ്ദേശിച്ചിട്ടുള്ള ദോഷപരിഹാര കർമ്മങ്ങൾ ക്ഷേത്രം തന്ത്രി. ബ്രഹ്മ ശ്രീ. കക്കാട് വാസുദേവൻ നമ്പൂതിരിപ്പാടിന്റെ മുഖ്യ കാർമ്മികത്വത്തിൽ 1997ൽ നടത്തപ്പെട്ടു.

ക്ഷേത്ര നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി, ക്ഷേത്രക്കുളത്തിന്റെ നവീകരണം, ചുറ്റുമതിൽ നിർമ്മാണം, നാലമ്പലത്തിനു പുറത്ത് കിണർ നിർമ്മാണം എന്നീ പ്രവൃത്തികൾ ചില ഭക്തന്മാർ വഴിപാടായി നിർവ്വഹിച്ചു. ശ്രീ കോവിലിന്റെ നവീകരണം, ഉപദേവന്മാർക്കുള്ള ക്ഷേത്ര നിർമ്മാണം എന്നിവ ഭക്തജനസഹകരമത്തോടെ ക്ഷേത്രകമ്മറ്റിയും നടത്തിയിട്ടുണ്ട്. ക്ഷേത്രിത്തിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് തച്ചുശാസ്ത്രവിധിപ്രകാരം വേണ്ടിവന്ന കൂടുതൽ സ്ഥലം ക്ഷേത്രിത്തിന് അനുവദിച്ചുകൊണ്ട് മറ്റുപല ഭക്തജനങ്ങളും ഈ പ്രവർത്തനങ്ങളോട് സഹകരിച്ചിട്ടുണ്ട്. ക്ഷേത്രത്തിൽ അഷ്ടബന്ധകലശവും, ഉപദേവന്മാരുടെ പുനഃപ്രതിഷ്ഠയും നടക്കുന്ന ഈ അവസരത്തിൽ പുനഃപ്രതിഷ്ഠക്കാവശ്യമായ ബിംബങ്ങൾ, പീഠം, താഴികക്കുടങ്ങൾ, ഭഗവാന്റെ പുറത്തെഴുന്നള്ളിപ്പിന് വേണ്ട പഞ്ചലോഹ നിർമ്മിതമായ തിടമ്പ്, ദീപസ്തംഭം, എന്നിവയെല്ലാം ചില ഭക്തന്മാർ വഴിപാടായി സമർപ്പിച്ചിട്ടുണ്ട്. നവീകരണ, അഷ്ടബന്ധകലശത്തോടെ ക്ഷേത്രത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനിക്കുന്നില്ല. ശ്രീ. കോവിലിന്റെ പുറം ചുമരിന്റെ നവീകരണം, ബലിക്കൽ മണ്ഡപം പുതുക്കിപ്പണിയൽ, നാലമ്പലത്തിനകത്തുള്ള കോൺക്രീറ്റ് പണികൾ, ഓഫീസ്, ഗോപുരങ്ങളുടെ നിർമ്മാണം, ധ്വജസ്ഥംഭം, എന്നിവയെല്ലാം ബാക്കിനിൽക്കുന്നു. അതെല്ലാം പൂർത്തീകരിക്കുന്നത് വലിയൊരു ബാദ്ധ്യതയാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഭക്തജനങ്ങളുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾ തുടർന്നും ലഭിച്ചാൽ മാത്രമെ ക്ഷേത്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കപ്പെടുകയുള്ളൂ. ഇതിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്ന ഭക്തജനങ്ങളുടെ സംഭാവനകൾ പ്രസിഡണ്ട്, ശ്രീ ആതകശ്ശേരി ശിവക്ഷേത്രകമ്മറ്റി, ഉള്ളിയേരി, കോഴിക്കോട് ജില്ല എന്ന വിലാസത്തിൽ അയക്കാവുന്നതാണ്.

ഗ്രാമോദ്ധാരണം എന്നു പറഞ്ഞാൽ ആ ഗ്രാമവാസികളുടെ ഉന്നമനമാണ്. അതിന്റെ അടിസ്ഥാനഘടകം ആസ്തികചിന്താഗതിയുടേതാണ്. അവിടെയാണ് ഗ്രാമത്തിലെ പ്രധാന ക്ഷേത്രത്തിന്റെ പ്രസക്തിയും.

## ക്ഷേത്രത്തിലെ പ്രധാന വഴിപാടുകളും ഫലസിദ്ധിയും

| | |
|---|---|
| ത്രികാല പൂജ: | സർവ്വൈശ്വര്യസിദ്ധിക്ക് |
| നിത്യപൂജ<br>ശിവപൂജ | കുടുംബശ്രേയസ്സിന് |
| ഉമാമഹേശ്വരപൂജ (സ്വയംവരപൂജ) | : വിവാഹകാര്യങ്ങൾക്ക് |
| ഗണപതിഹോമം | : സർവ്വവിഘ്നനിവാരണത്തിനും,<br>കർമ്മ ഗുണത്തിനും, സർവ്വൈശ്വര്യത്തിനും |
| മൃത്യുഞ്ജയഹോമം | : രോഗശാന്തിക്കും ദീർഘായുസ്സിനും |
| കറുകഹോമം | : ബാലാരിഷ്ടത തീർക്കാനും<br>രോഗശാന്തിക്കും |
| ഭഗവതി സേവ | : കുടുംബക്ഷേമത്തിനും സമ്പർ സമൃദ്ധിക്കും |
| രുദ്രാഭിഷേകം | : മന:ശാന്തിക്കും<br>വിദ്യാപരമായ ഉയർച്ചക്കും |
| ഇളനീരഭിഷേകം | : രോഗശാന്തിക്കും ബുദ്ധിപരമായ ഉയർച്ചക്കും |
| പാലഭിഷേകം | : കന്നുകാലികൾക്ക് ഉത്തമം |
| കദളിപ്പഴനിവേദ്യവും<br>(വിഷ്ണുവിന്) | : സന്താനഭാഗ്യത്തിന് |
| തൃമധുരം | : രോഗശാന്തിക്ക് |
| സ്വയംവരപുഷ്പാഞ്ജലി | : വിവാഹകാര്യങ്ങൾക്ക് |
| ഭാഗ്യസൂക്തപുഷ്പാഞ്ജലി | : ഭാഗ്യസിദ്ധിക്കും, സമ്പദ് വർദ്ധനവിനും |
| ഐക്യമത്യസൂക്തപുഷ്പാഞ്ജലി | : കുടംബത്തിന്റെയും,സമൂഹത്തിന്റെയും ഐക്യതയ്ക്ക് |
| ആയുർസൂക്ത പുഷ്പാഞ്ജലി | : ആയുരാരോഗ്യത്തിന് |

## അഭീഷ്ടകാര്യസിദ്ധിക്കുള്ള മറ്റു വഴിപാടുകൾ

പുഷ്പാഞ്ജലി
നെയ്‌വിളക്ക്
പിൻവിളക്ക് (പരമശിവന്)
വിളക്കുമാല
തുളസിമാല (വിഷ്ണുവിന്)
കൂവളമാല (പരമശിവന്)
തെച്ചിമാല (ശ്രീപാർവ്വതിക്ക്)
വെള്ളനിവേദ്യം
മലർനിവേദ്യം
നെയ്പായസം
ശർക്കരപായസം
പാൽപായസം
എണ്ണയഭിഷേകം
ഭസ്മാഭിഷേകം

